**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

## പ്രശാന്തി സന്ദേശം- ഉപാഖ്യാനം 263

# മനസ്സിനെ എങ്ങനെ അതിക്രമിക്കാം-ഭാഗം 2

## HOW TO TRANSCEND THE MIND, PART 2

**ഒക്ടോബർ 24, 2024**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### 1. പ്രത്യക്ഷ അനുഭവബോധത്തിലൂടെയുള്ള ശരിയായ അറിവ്
### RIGHT KNOWLEDGE THROUGH DIRECT COGNITION

നിങ്ങളുടെ ആത്മാവിനെ അറിയുന്നതിന്, നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയങ്ങളെ ആശ്രയിക്കേണ്ടതില്ല. യാഥാർത്ഥ്യം അറിയുന്നതിന്, നിങ്ങളുടെ ആത്മാവിനെ അറിയുന്നതിന്(to know your Self), ഇന്ദ്രിയങ്ങളുടെ ആവശ്യമില്ല. ആദ്ധ്യാത്മികത നേർ സത്ത((Real Self))യെക്കുറിച്ചുള്ള അറിവ് പകരുന്നു. ആദ്ധ്യാത്മികത വസ്തുനിഷ്ഠ ലോക(objective world)ത്തെക്കുറിച്ചല്ല പറയുന്നത്. ആദ്ധ്യാത്മികത നിങ്ങൾക്കു ചുറ്റിനുമുള്ളതെന്തോ അതെപ്പറ്റിയല്ല പറയുന്നത്. ആദ്ധ്യാത്മികത നിങ്ങളുടെ നേർ സത്ത നിങ്ങളറിയണമെന്ന് ആഗ്രഹിക്കുന്നു. നേർ സത്ത അറിയാനായി, നേർ സത്ത അനുഭവിക്കാനായി, നിങ്ങളെ സഹായിക്കുന്നതിന് ഇന്ദ്രിയങ്ങൾ വളരെ മോശം ഉപകരണങ്ങളാണ്. ആത്മാവിനെ അറിയുന്നതിന് അവ സാമാന്യമായി അനുയോജ്യമല്ല.







എന്റെയുള്ളിൽ ആത്മാവിന്റെ പ്രജ്ഞാബോധ(Consciousness of the Spirit)മുണ്ട്. എന്നാൽ, ഈ പ്രജ്ഞാബോധത്തെ അറിയുന്നതിന് എന്റെ കാഴ്ച എന്നെ സഹായിക്കില്ല. ശ്രവണശക്തി, ചെവികളുടെ ശക്തി, അതെത്ര നന്നായാൽ പോലും, പ്രജ്ഞാബോധത്തെ അറിയുന്നതിന് നമ്മെ സഹായിക്കുന്ന കാര്യത്തിൽ നിഷ്പ്രയോജനമാണ്. തൊലി കറുത്താവാം, വെളുത്തിട്ടാവാം, തവിട്ടുനിറത്തിലോ പിങ്കോ ആവാം. പക്ഷേ തൊലിയുടെ നിറം

അറിയുന്നത് ആത്മാവിനെ അനുഭവിക്കുന്നതു സംബന്ധമായി നിഷ്പ്രയോജനമാണ്. അതുകൊണ്ട്, ഇന്ദ്രിയങ്ങൾ എത്രമാത്രം ശക്തമാണെന്നത് വിഷയമല്ല, ആത്മാവിനെ അതിന്റെ പൂർണതയിൽ, അതിന്റെ യാഥാർത്ഥ്യത്തിൽ, അനുഭവിക്കുന്ന കാര്യം വരുമ്പോൾ അവ നിഷ്പ്രയോജനമാണ് എന്തെന്നാൽ, ആത്മാവ് ഇന്ദ്രിയങ്ങൾക്കു മീതെയാണ്. ആത്മാവ് ഇന്ദ്രിയാതീതമാകുന്നു.




അതിനാൽ, പ്രത്യക്ഷ അനുഭവബോധ(direct perception)ത്തിലൂടെ ശരിയായ അറിവ് കരസ്ഥമാക്കുന്നതിനുള്ള ആദ്യത്തെ മേഖല, ആദ്യത്തെ വീഥി കുറ്റമറ്റതല്ല. അത് നൂറു ശതമാനം കൃത്യമല്ല. ഇത്തരം അറിവിനെ, ഇത്തരത്തിൽ അറിവ് ആർജ്ജിക്കുന്നതിനെ, സംസ്കൃതത്തിൽ 'പ്രത്യക്ഷ പ്രമാണം(direct evidence)' എന്നാണു വിളിക്കുക. 'പ്രത്യക്ഷം' എന്നാൽ നേരിട്ട്, 'പ്രമാണം' എന്നാൽ തെളിവ്. അപ്പോൾ, ഈ മാർഗം ഉപയോഗിച്ചുള്ള നമ്മുടെ എല്ലാ പ്രത്യക്ഷ അനുഭവബോധ(direct cognition)വും നൂറു ശതമാനം കൃത്യമല്ല.




ഇനി, ശരിയായ അറിവ്(right knowledge) നേടുന്നതിന് മറ്റൊരു മാർഗമുണ്ട്. ശരിയായ അറിവ് നേടുന്നതിനുള്ള ആദ്യത്തെ രീതി പ്രത്യക്ഷ അനുഭവബോധമാണ്-കാണുക, കേൾക്കുക, രുചിക്കുക, ഇങ്ങനെ. അത് പരാജയപ്പെട്ടാൽ അഥവാ അത് സാധുവല്ലെങ്കിൽ, നിങ്ങൾ പ്രതീക്ഷിക്കുന്ന അഥവാ നിങ്ങൾ ആഗ്രഹിക്കുന്ന വിവരം അത്

തരുന്നില്ല എങ്കിൽ, നിങ്ങൾക്ക് രണ്ടാമത്തെ ചാനലിലേക്ക് സ്വിച്ച് ഓൺ ചെയ്യാം. ടി. വി. സെറ്റു പോലെ, ശരിയായ അറിവ് നേടുന്നതിനു വേണ്ടി നിങ്ങൾക്ക് ഈ അടുത്ത ചാനലിലേക്ക് സ്വിച്ച് ഓൺ ചെയ്യാം. എന്താണീ രണ്ടാമത്തെ ചാനൽ?

## 2. അനുമാനത്തിലൂടെയുള്ള ശരിയായ അറിവ്
## RIGHT KNOWLEDGE THROUGH INFERENCE

രണ്ടാമത്തെ ചാനൽ അനുമാന(inference)മാകുന്നു. സംസ്കൃതത്തിൽ 'അനുമാന പ്രമാണം' എന്നാണിതിനെ വിളിക്കുക, നിഗമനം എന്നാണ് അർത്ഥമാക്കുന്നത്. ശരിയായ അറിവ് നേടുന്നതിന് അനുമാനം ഒരു പരിധി വരെ നമ്മെ സഹായിക്കുന്നു. എങ്ങനെ?






ഒരു ഉദാഹരണം: കുറച്ചകലെ ഞാൻ പുക കാണുന്നു, അപ്പോൾ അവിടെ തീപിടുത്തം ഉണ്ടായേക്കാൻ സാധ്യതയുണ്ട്. പുക നിങ്ങളോടു സൂചിപ്പിക്കുന്നത് അവിടെ തീയുണ്ടാവാനുള്ള സാധ്യതയാണ്. ഇതാണ് അനുമാന പ്രമാണം അഥവാ നിഗമനം.

ഇത്തരത്തിലുള്ള അനുമാന പ്രമാണം അഥവാ നിഗമനം, യുക്തി(logic)യെ അഥവാ തർക്കത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ആരോ പറഞ്ഞു, "അവിടെ പുക കാണുന്നു, എന്നാൽ അവിടെ തീയില്ല." മറ്റൊരുവൻ പറയുന്നു, "അല്ല! തീയില്ലാത്തിടത്തോളം, പുക യുണ്ടാവാൻ സാധ്യതയില്ല." അതൊരു തർക്കമാവുന്നു! ഒരാൾ പറയുന്നു, "അല്ല!" മറ്റേയാൾ പറയുന്നു, "അതെ!" (നമുക്ക് രണ്ടുപേരിൽനിന്നും രക്ഷപ്പെടാം എന്തെന്നാൽ, എത്ര നല്ല വാദങ്ങൾ അവർക്ക് കിട്ടുന്നുവെന്നത് അവരുടെ യുക്തിചിന്തയെയും വിചാരശക്തിയെയും അനുസരിച്ചിരിക്കും).



അതുകൊണ്ട്, അനുമാനം പൂർണമായും സത്യമല്ല എന്തെന്നാൽ, യുക്തിവിചാരം അഥവാ തർക്കം ഇവയ്ക്ക് ഒരു അൽപദർശനം നൽകാൻ മാത്രമേ കഴിയൂ. അത്രമാത്രം. ഒരു വിഹഗദൃഷ്ടി മാത്രമേ അത് നൽകൂ.

## അനുമാനം ശരിയോ തെറ്റോ ആവാം
## INFERENCE CAN BE RIGHT OR WRONG

നമ്മുടെ അനുമാനം ശരിയോ തെറ്റോ ആവാം, അതുകൊണ്ട് നാം അതെപ്പറ്റി കരുതലുള്ളവരാവണം. ഈ വശത്തായി ഞാൻ ഒരു കാറിന്റെ ശബ്ദം കേൾക്കുന്നു എന്നിരിക്കട്ടെ, കാർ നീങ്ങുകയാണ്. “ആ! സ്വാമിയുടെ കാർ! നമുക്ക് ചെല്ലാം!” നമ്മളവിടെ എത്തുമ്പോഴേക്കും, മറ്റേതോ കാർ അതേ വഴിക്ക് പോവുന്നതാണ് നാം കാണുന്നത്.




അപ്പോൾ, അതൊരു കാറിന്റെ ശബ്ദമാവാം, പക്ഷേ സ്വാമിയുടെ കാറ് ഈ വശത്തൂടെ പോകുന്നുവെന്ന് അതിനർത്ഥമില്ല!

അതുകൊണ്ട്, അനുമാനം ശരിയോ തെറ്റോ ആവാം. ശരിയായ അനുമാനം നിങ്ങളെ സഹായിക്കും, അതേസമയം തെറ്റായ അനുമാനം നിങ്ങളെ വഴി തെറ്റിക്കും. ശരിയായ അനുമാനം നിങ്ങൾക്ക് മാർഗനിർദ്ദേശം നൽകുകയും നിങ്ങളെ നന്നാക്കുകയും ചെയ്യും. അത് നിങ്ങളെ പുരോഗമിക്കാൻ സഹായിക്കും, അതേസമയം തെറ്റായ അനുമാനം നിങ്ങളെ മൊത്തത്തിൽ വഷളാക്കും.

ഇതാ ഒരു ചെറിയ ദൃഷ്ടാന്തം: ഈ ലോകത്തിനും, ഈ പ്രപഞ്ചത്തിനും, സൂര്യോദയം, സൂര്യാസ്തമയം, ചന്ദ്രൻ, നിലാവ്, തിളങ്ങുന്ന നക്ഷത്രങ്ങൾ, വ്യത്യസ്ത ഋതുക്കൾ, ജനനവും വളർച്ചയും മരണവും അനുഭവിക്കുന്ന 84 ലക്ഷം തരം സൃഷ്ടി ജീവജാലങ്ങൾ ഇവയെക്കൊണ്ട് നിറഞ്ഞ ഈ സമസ്ത വിശ്വത്തിനും, ഒരു സൃഷ്ടാവുണ്ട്.

ജീവിതത്തിന് ക്രമമായ ഒരു ചക്ര(life cycle)മുണ്ട്. കാര്യങ്ങൾ ഒന്നിനു പുറകെ ഒന്നായി സംഭവിക്കുന്നത് ക്രമമായ, ശാസ്ത്രീയമായ രീതിയിൽ ആണ്. അതിന് ഒരു സംവിധായകൻ ഉണ്ടായേ തീരൂ. ഒരു സൃഷ്ടാവ് ഉണ്ടായേ തീരൂ, ഇല്ലെങ്കിൽ ഈ പ്രപഞ്ചത്തിന് ഇത്ര കൃത്യതയോടെയും സൂക്ഷ്മതയോടെയും പ്രവർത്തിക്കാനാവില്ല. ഒരു നിർമ്മാതാവ് ഉണ്ടായേ തീരൂ. ഒരു ശില്പി ഉണ്ടായേ തീരൂ. ഇതാണ് ശരിയായ അനുമാനം, അത് നമ്മെ ആദ്ധ്യാത്മികമായി മുന്നേറാൻ സഹായിക്കും.



എന്നാൽ മറ്റൊരാൾ പറയുന്നു, "ഒരു ഈശ്വരനുണ്ടായിരുന്നു എങ്കിൽ, അദ്ദേഹം ഈ യാന്ത്രിക സൃഷ്ടിയിൽ അങ്ങേയറ്റം ബോറടിച്ചേനേ-സൂര്യോദയം എല്ലായ്പോഴും 6.00 am-ന്, സൂര്യാസ്തമയം എന്നും 6.00 pm-ന്, ചില ചാന്ദ്ര ഋതുക്കളിൽ നിലാവ് പതിവായി വരുന്നു, മൺസൂൺ സീസണിൽ മാത്രം മഴ പെയ്യുന്നു. ഈ വിരസമായ ക്രമം(boring regularity) എന്തിനാണ്? ജലം 100 ഡിഗ്രിയിൽ തിളയ്ക്കുന്നു. നാളെ ത്തൊട്ട് അത് എന്തുകൊണ്ട് 40 ഡിഗ്രിയിലേക്ക് മാറ്റിക്കൂടാ? എന്തുകൊണ്ടില്ല? ശരി, അല്ലെങ്കിൽ വേനൽച്ചൂട്-ശൈത്യകാലത്ത് നമുക്ക് എന്തുകൊണ്ട് ചൂട് അനുഭവപ്പെടു ന്നില്ല? എന്തുകൊണ്ടില്ല?"




"അപ്പോൾ, ഈ സൃഷ്ടിക്കു പുറകിൽ ആരെങ്കിലുമുണ്ടെങ്കിൽ, അവിടുന്ന് സർഗാത്മകനാവണം. അവിടുന്ന് പുതുമ യുള്ള(novel)വനാവണം. അവിടുന്ന് തീർച്ചയായും മാറ്റം ഇഷ്ടപ്പെടുന്നയാളാ വും. എന്നാൽ, അവിടുന്നിന്റെ സൃഷ്ടി മാറ്റമില്ലാത്തതാണ്! എല്ലായ്പോഴും ഒരേ നോർമൽ താപനിലകളും മർദ്ദങ്ങളും അവ സ്ഥകളുമാണ്. ശരിക്കും മാറ്റങ്ങളൊന്നുമില്ലാതെ! അപ്പോൾ, ഒരു സൃഷ്ടാവ് ഇല്ല. സൃഷ്ടി മാത്രമേയുള്ളൂ. സൃഷ്ടി യാന്ത്രികമായ രീതിയിൽ ഇങ്ങനെ പുലരുകയാണ്. ഇതിൽ അസാധാരണത്വമൊന്നുമില്ല. പുതുമയൊന്നുമില്ല. അതുകൊണ്ട്, സർഗാത്മക തയോ ഒരു സൃഷ്ടാവോ ഇല്ല."

ഇതൊരു തെറ്റായ അനുമാനമാണ് എന്തെന്നാൽ ഇത് നമ്മെ എങ്ങും കൊണ്ടുചെ ല്ലുകയില്ല. ഇത് നമ്മെ ആദ്ധ്യാത്മികതയിൽനിന്ന് ദൂരെ അകറ്റുകയേ ഉള്ളൂ. അതു കൊണ്ട്, അനുമാനവും ഒരു തടസ്സം, വൈകല്യം ആകുന്നു. പ്രത്യക്ഷ അനുഭവ ബോധം(direct cognition) പോലെ ഇതും ശരിയായ അറിവ് പകരുന്നില്ല. അനുമാ നത്തിനും നിരോധങ്ങ(inhibitions)ളുണ്ട്. അത് നൂറു ശതമാനം കുറ്റമറ്റതല്ല.

അപ്പോൾ, എന്താണ് മാർഗം? അവിടുന്നിനെ അറിയണമെങ്കിൽ, നിങ്ങൾ അവിടുന്നിൽ ജീവിക്കേണ്ടിയിരിക്കുന്നു. ഈശ്വരനെ അറിയുന്നതിന്, നിങ്ങൾ ദൈവി കരാവണം. ഈശ്വരനെ അറിയുന്നതിന്, നിങ്ങൾ ഈശ്വരനാവണം. അതാണ് മാർഗം. അതാണ് ഭഗവാനരുളുന്നത്, "നിങ്ങൾ ഈശ്വരനാകുന്നു." നിങ്ങൾ അടി സ്ഥാനപരമായി ദൈവികരാകുന്നു. അപ്പോൾ നിങ്ങൾ ദൈവികരായിരിക്കുമ്പോൾ, നിങ്ങൾ ദൈവികത്വം അനുഭവിക്കും. നിങ്ങൾ ദൈവതുല്യരായിരിക്കുമ്പോൾ,

ഈശ്വരനെ നിങ്ങൾ അകമേ അനുഭവിക്കും. ഒരു യുക്തിയും നിങ്ങളെ സഹായിക്കില്ല. ഒരു അനുമാനവും നിങ്ങളെ സഹായിക്കില്ല, നിങ്ങൾ ഈശ്വരനെ അറിയുന്നതുവരെ, ഈശ്വരനായി ജീവിക്കുന്നതുവരെ, ഈശ്വരനാവുന്നതുവരെ. ഈശ്വരനെ അറിയുക! ദൈവികത്വം അറിയുക! ദൈവികത്വത്തിൽ ജീവിക്കുക. സ്വയം ഈശ്വരനാവുക! അതാവുക! നിങ്ങൾ നിങ്ങളുടെ ദൈവികത്വം ജീവിച്ചേ മതിയാകൂ, യുക്തിയെയോ അതുപോലെ മറ്റെന്തിനെയെങ്കിലുമോ ആശ്രയിക്കാതെ.

അപ്പോൾ, ശരിയായ അറിവ് മൂന്നു മാർഗങ്ങളിൽ നേടാനാവും. ഒന്നാമത്തേത്, പ്രത്യക്ഷ അനുഭവബോധം(direct cognition), പ്രത്യക്ഷ പ്രമാണത്തിലൂടെ. രണ്ടാമത്തേത്, നിഗമനം, അഥവാ അനുമാന പ്രമാണത്തിലൂടെ. മൂന്നാമത്തെ മാർഗം എന്നത്, മുമ്പുതന്നെ ബോധോദയം സിദ്ധിച്ചവരുടെ വാക്കുകളിലൂടെ- ആപ്തവാക്യ പ്രമാണം. മൂന്നാമത്തെ മാർഗം എന്നത്, നിങ്ങൾക്ക് പ്രിയപ്പെട്ടവരും ജ്ഞാനദീപ്തരും ബോധോദയം സിദ്ധിച്ചവരുമായ ആളുകളുടെ വാണികൾ(sayings) അഥവാ പ്രബോധനങ്ങൾ(teachings) സ്വീകരിക്കുക എന്നതാണ്.




**ശരിയായ അറിവ് ബോധോദയം സിദ്ധിച്ചവരുടെ പ്രബോധനങ്ങളിലൂടെ**
**RIGHT KNOWLEDGE THROUGH ACCEPTANCE OF THE ENLIGHTENED TEACHINGS**

ക്രിസ്ത്യൻ പുണ്യഗ്രന്ഥം, വിശുദ്ധ ബൈബിൾ, പവിത്രമാണ്. ഹൈന്ദവ ശാസ്ത്രഗ്രന്ഥമായ ഭഗവത്ഗീത പവിത്രമാണ്. അപ്പോൾ, ജ്ഞാനദീപ്തരായവരുടെ, ബോധോദയം സിദ്ധിച്ചവരുടെ വാണികളും പ്രബോധനങ്ങളും മറ്റും നിരുപാധികമായി സ്വീകരിക്കപ്പെടുമ്പോൾ, അതിനെയാണ് 'ആപ്തവാക്യ പ്രമാണം' എന്നു വിളിക്കപ്പെടുന്നത്.

അപ്പോൾ, 'ആപ്ത' എന്നാൽ എനിക്ക് അടുപ്പമുള്ളവരും പ്രിയപ്പെട്ടവരും എന്നാണ്, 'വാക്യം' എന്നാൽ അവരുടെ വചനങ്ങളും. 'ആപ്തവാക്യ പ്രമാണം' എന്നതിനർത്ഥം, നിങ്ങൾക്ക് അടുപ്പമുള്ളവരും പ്രിയപ്പെട്ടവരുമായവരുടെ വാക്കുകൾ എന്നാണ്. അവർ പറയുന്നതെന്തോ അത് നിങ്ങൾ വിശ്വസിക്കുകയും പിന്തുടരു

കയും ചെയ്യുന്നു. ശരിയായ ജ്ഞാനം നേടുന്നതിനുള്ള ഒരു മാർഗം കൂടിയാണിത്. എന്നാൽ ഇത് കുറ്റമറ്റതാണോ? അല്ല!




യേശു ക്രിസ്തു പറഞ്ഞു, "ഞാൻ ദൈവപുത്രനാകുന്നു." ആളുകൾ അവിടുന്നിനെ കേട്ടുവോ? ഇല്ല! എന്തായിരുന്നു ക്രിസ്തുവിനുള്ള പാരിതോഷികം? അവിടുന്ന് അത്രമേൽ അടുപ്പവും പ്രിയവും ഉള്ള ആളായിരുന്നു, പക്ഷേ എന്നിട്ടും നാം അവിടുത്തെ വചനങ്ങൾ ചെവിക്കൊണ്ടില്ല. നാം അവിടുത്തെ പ്രബോധനങ്ങൾ സ്വീകരിച്ചില്ല. അവിടുന്ന് കുരിശിലേറ്റപ്പെട്ടു! പ്രവാചകനായ മുഹമ്മദിന്റെ പ്രബോധനങ്ങളും വചനങ്ങളും സ്വീകരിക്കപ്പെട്ടില്ല. അവിടുന്ന് എല്ലായ്പോഴും കൊലപാതക മരണത്തിന്റെ മുനമ്പിലാണ് നിന്നത്. അവിടുന്നിന് മെക്കയിൽ നിന്ന് മെദീനയിലേക്ക് പലായനം ചെയ്യേണ്ടിവന്നു.




ഒരു ദിവസം കാലത്ത് ഇൻസ്റ്റിറ്റ്യൂട്ടിലെ രണ്ട് വിദ്യാർത്ഥികൾ കമ്പ്യൂട്ടർ പരീക്ഷയ്ക്ക് ഒന്നാമതെത്തിയ വാർത്ത അനൗൺസ് ചെയ്യണമെന്ന് സ്വാമി എന്നോട് ആവശ്യപ്പെട്ടു. ഞാനത് അനൗൺസ് ചെയ്തു, കുട്ടികളൊക്കെ കരഘോഷം മുഴക്കി.




സ്വാമി അകത്തേക്കു പോയി. പുറകിലിരുന്ന രണ്ട് ആൺകുട്ടികൾ എണീറ്റ് എന്റെയടുത്ത് വന്നു. "സർ, ഇത് സത്യം തന്നെയോ?"

ഞാൻ പറഞ്ഞു, "ഞാൻ പറയുന്നത് നിങ്ങൾക്ക് വിശ്വസിക്കാതിരിക്കാൻ കഴിയും, പക്ഷേ സ്വാമി എന്തു പറയുന്നുവോ അത് നിങ്ങൾക്ക് വിശ്വസിക്കാതിരിക്കാൻ കഴി

യില്ല! (ആപ്തവാക്യ പ്രമാണം കാരണം). അവിടുന്ന് അത്രമേൽ പ്രിയങ്കരനാണ്. അവിടുന്ന് പൂർണ്ണമായി ദൈവികമാണ്. അതുകൊണ്ട്, അവിടുന്ന് എന്തുതന്നെ പറയുന്നുവോ അത് സത്യമാണ്, സത്യമല്ലാതെ മറ്റൊന്നുമല്ല! നിങ്ങൾ ആ ചോദ്യം ചോദിക്കുകപോലുമരുത്, എന്തെന്നാൽ സ്വാമി പറഞ്ഞതാണിത്!"

## അവിടുന്നിനെ വിശ്വസിക്കുക
## TRUST HIM

നിങ്ങൾക്ക് പ്രിയങ്കരരായ, അടുപ്പമുള്ള ആളുകൾ, നിങ്ങൾ ആരാധിക്കുന്നവർ, നിങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തുന്നതിനായി മാതൃകയായിരിക്കുന്നവർ, എന്തെങ്കിലും പറയുമ്പോൾ നിങ്ങളത് സ്വീകരിക്കേണ്ടിയിരിക്കുന്നു. മുതിർന്നവരുടെ ഉപദേശങ്ങളും വചനങ്ങളും സ്വീകരിക്കുന്നത് എങ്ങനെയാണ് സാധ്യമാകുന്നത്? നിങ്ങൾക്ക് അവരിൽ വിശ്വാസ(trust)മുണ്ടാവണം. ബാബ പറയുന്നത് സത്യമാണ്. നിങ്ങൾ അവിടുന്നിനെ വിശ്വസിക്കണം, അപ്പോൾ നിങ്ങൾ അവിടുന്നിനെ പിന്തുടരും. അവിടുന്നിൽ വിശ്വാസം കൂടാതെ, നിങ്ങൾക്ക് അവിടുന്നിനെ കേൾക്കാനാവില്ല.




അവിടുന്നിനെ കേൾക്കാതെ, നിങ്ങൾക്ക് അവിടുന്നിനെ പിന്തുടരാനാവില്ല. അവിടുന്നിനെ പിന്തുടരാതെ, നിങ്ങൾക്ക് അവിടുന്നിനെ ആസ്വദിക്കാനാവില്ല! അവിടുന്നിനെ ആസ്വദിക്കാതെ, നിങ്ങളും അവിടുന്നും ഒന്നുതന്നെയെന്ന് നിങ്ങൾക്ക് അറിയാനാവില്ല!

നിങ്ങളും അവിടുന്നും ഒന്നുതന്നെ(You and He are One)യെന്ന ഈ ഏകത്വം, നിങ്ങൾ അവിടുത്തെ ആജ്ഞ അനുസരിക്കുക എന്ന അനുഭവം ആസ്വദിച്ചാലേ അറി




യുകയുള്ളൂ. നിങ്ങൾക്ക് അവിടുന്നിൽ വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ അവിടുത്തെ ആജ്ഞ അനുസരിക്കും. അതിനാൽ, 'ആപ്തവാക്യ പ്രമാണം', മുതിർന്നവർ പറയുന്നത് അനുസരിക്കണമെങ്കിൽ, നാം അവരെ വിശ്വസിക്കേണ്ടത് ആവശ്യമാണ്. അവരെ വിശ്വ




സിക്കുകയെന്നത് വേണ്ട കാര്യമാണ്.

പ്രഫസർ അനിൽകുമാർ കൂടുതൽ ജ്ഞാനം അടുത്ത ലക്കത്തിൽ നമ്മളുമായി പങ്കു വയ്ക്കുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു** – (***Sai-Vedam*** പേജ് 108-119)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)